"പ്ലാന്റേഷൻ ലേബർ ആക്ട്"

276 [591] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പീരുമേട് താലൂക്കിലെ തോട്ട വ്യവസായത്തിൽ പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിയമം പൂർണ്ണമായി നടപ്പിലാക്കിയ തോട്ടങ്ങൾ ഏതെല്ലാം;

(സി) നടപ്പിലാക്കാത്ത തോട്ടങ്ങൾ ഏതെല്ലാം;

(ഡി) അവക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനു ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനു ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) മലയാളം പ്ലാന്റേഷൻ വക പാടുമല (തേയില), മൂങ്കലാർ (തേയില), വള്ളാർഡി (തേയില), സോയ്സ് (റബ്ബർ) എന്നീ 4 തോട്ടങ്ങൾ പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ട്.

(സി) & (ഡി) ആർ. ബി. റ്റി. കമ്പനിയുടെ കീഴിൽ [illegible] കോയിക്കാനം (തേയില), നെല്ലിക്കെ (തേയില), ഗ്രാൻസി (തേയില), [illegible]ലെ, പാം പനാർ എന്നീ തോട്ടങ്ങൾ നിയമം നടപ്പിലാക്കിയിട്ടില്ല. അവ [illegible] പേരിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനു പ്രാരംഭമായി ഇൻസ്പെക്ഷൻ ഓർഡറും ഷോകോസ് നോട്ടീസും അയച്ചിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ 27-5-1985-ൽ പീരുമേട് താലൂക്കിലെ തോട്ടം ഉടമകളുടെയും തൊഴിലാളി പ്രതിനിധികളുടെയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി പ്ലാന്റേഷൻ ലേബർ ആക്ട് കർശനമായി നടപ്പിലാക്കുന്നതു സംബന്ധിച്ച് ഒരു സമയബന്ധിത പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത കോൺഫറൻസിൽ എ. പി. കെ. സെക്രട്ടറിയും പങ്കെടുത്തിരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

277 [592] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എല്ലാംകൂടി 1985 ഓഗസ്റ്റ് 31 വരെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly